തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കുട്ടി അഹമ്മദ്കുട്ടി):

(എ) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് 2005 സെപ്തംബറിൽ നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ഭാഗികമായി അംഗീകരിച്ചിട്ടുണ്ട്.

(ഡി) 50,000-ത്തിൽ കൂടുതൽ ജനസംഖ്യ ഉള്ളതും 30 സ്ക്വയർ കിലോ മീറ്ററിനുമേൽ വിസ്തൃതി ഉള്ളതുമായ താഴെ കൊടുത്തിരിക്കുന്ന 9 പഞ്ചായത്തുകളെ വിഭജിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു:

| | *പഞ്ചായത്തുകളുടെ പേര്* | *ജില്ല* |
|---|---|---|
| 1. | ചാത്തന്നൂർ | കൊല്ലം |
| 2. | കടയ്ക്കൽ | ,, |
| 3. | തൃക്കോവിൽ വട്ടം | ,, |
| 4. | മുണ്ടക്കയം | കോട്ടയം |
| 5. | മൂന്നാർ | ഇടുക്കി |
| 6. | മണ്ണാർക്കാട് | പാലക്കാട് |
| 7. | തവന്നൂർ | മലപ്പുറം |
| 8. | ചീക്കോട് | ,, |
| 9. | താമരശ്ശേരി | കോഴിക്കോട് |

വാർഡ് ഡീലിമിറ്റേഷനുവേണ്ടി വാർഡ് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ഇൻഫർമേഷൻ കേരള മിഷൻ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ

* 19 [19] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:

,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല ഏർപ്പെടുത്താനുള്ള പദ്ധതി എന്നാണ് ആരംഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിയും;

(ഡി) ഈ പദ്ധതിക്കുവേണ്ടി ഇതിനകം എത്ര തുക ചെലവഴിച്ചു;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഇതിനകം ഇതിൽ നിന്നും എത്ര തുക ചെലവഴിച്ചു;

(എഫ്) കമ്പ്യൂട്ടർ കിയോസ്കുകൾ എന്ന പേരിൽ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി ഇൻഫർമേഷൻ കേരള മിഷൻ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കുട്ടി അഹമ്മദ്കുട്ടി):

(എ) പദ്ധതി നടത്തിപ്പിനെക്കുറിച്ച് അവലോകനം നടത്തിവരുന്നുണ്ട്.

(ബി) 12-8-1999-ൽ ആരംഭിച്ചു.

(സി) 31-3-2008-ന് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് സംസ്ഥാനതല നിർവ്വഹണത്തിന് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) 31-12-2004 വരെ 13.18 കോടി രൂപ ചെലവഴിച്ചു.

(ഇ) ഉണ്ട്. അധിക കേന്ദ്ര സഹായമായി 33 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. 13.18 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

## ആയുർവേദ സർവകലാശാല സ്ഥാപിക്കൽ

*20 [20] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിന് മാത്രമായി ഒരു സർവകലാശാല സംസ്ഥാനത്ത് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ വിദഗ്ദ്ധ പഠന സംഘം ഇതിനായി കേരളം സന്ദർശിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കേന്ദ്രാനുമതി ലഭിച്ചാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly